അന്യസംസ്ഥാന തൊഴിലാളികൾ

214 (3650) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള കണക്കുകൾ ശേഖരിക്കുന്നത് എങ്ങനെയാണ് എന്നു വിശദമാക്കാമോ ; ഓരോ പ്രദേശത്തും എത്തുന്ന ഇവരുടെ മേൽവിലാസവും മറ്റും ഏതു വകുപ്പുമായി സഹകരിച്ചാണ് ശേഖരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലെത്തുന്ന തൊഴിലാളികളിൽ ചിലർ കുറ്റകൃത്യങ്ങൾ ചെയ്ത ശേഷം അപ്രത്യക്ഷരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1979-ലെ അന്യസംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ, അതിൽ കൂടുതലോ അന്യസംസ്ഥാന തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നതിന് തൊഴിലുടമ/ കോൺട്രാക്ടർ എന്നിവർക്ക് രജിസ്ട്രേഷൻ/ലൈസൻസ് എന്നിവ നിർബന്ധിതമാണ്. ഇപ്രകാരം അനുവദിക്കുന്ന ലൈസൻസിലെ വിശദവിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം തൊഴിൽ വകുപ്പ് ശേഖരിച്ചുവരുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരം അന്യസംസ്ഥാന തൊഴിലാളികൾക്കായി രജിസ്ട്രേഷൻ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ വിവരത്തിന്റെ അടിസ്ഥാനത്തിലും അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ശേഖരിച്ചുവരുന്നു. തൊഴിൽ വകുപ്പ് മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നില്ല.

(ബി) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങൾ ചെയ്തശേഷം അപ്രത്യക്ഷരാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

കിളിമാനൂർ എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തവർ

215 (3651) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ എംപ്ലോയ്മെന്റ് ഓഫീസിൽ ആകെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവ, വികലാംഗർ തിരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly